(vi) ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ പദ്ധതികൾ നിരന്തരം അവലോകനം ചെയ്യുന്നു. പഞ്ചാളികളുടെ യോഗങ്ങൾ വിളിച്ചുകൂട്ടി പ്രശ്നങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ പരിഹരിക്കുന്നു. ഓരോ പഞ്ചായത്തിലെയും പുരോഗതി ജനപ്രതിനിധി നടപ്പാക്കിയ, വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പ്രോഗ്രാം (ജെ.ഐ.എം.എസ്.)-ലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാണ്.

പൈപ്പ് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടി

188(889) ശ്രീ. സി. എച്ച്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ചങ്ങനാശ്ശേരി സബ് ഡിവിഷനിൽപ്പെട്ട ഏതെല്ലാം പ്രദേശങ്ങളിൽ പൈപ്പ് മാറ്റിസ്ഥാപിക്കുന്നതിനുള്ള ജോലികൾക്ക് ഇപ്പോൾ ടെണ്ടർ വിളിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ പുതുതായി പൈപ്പ് സ്ഥാപിക്കുന്നതിനുള്ള ഏതൊക്കെ ജോലികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ചങ്ങനാശ്ശേരി സബ് ഡിവിഷനിൽപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് വർക്കായി നടത്തുന്ന ഏതൊക്കെ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്;

(ഡി) തൃക്കൊടിത്താനം പഞ്ചായത്തിൽ അമരയിലേക്ക് ജലം എത്തിക്കുന്നതിനുള്ള പൈപ്പ് ഇടുന്ന ജോലി പൂർത്തീകരിച്ചിട്ടുണ്ടോ;

(ഇ) വാഴപ്പിള്ളി പഞ്ചായത്തിൽ അംബേദ്കർ ഗ്രാമത്തിൽ പൈപ്പ് സ്ഥാപിക്കുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഇങ്ങനെ പൂർത്തീകരിച്ചിട്ടും വെള്ളം ലഭിക്കാത്തതുകൊണ്ട് പുതിയ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള ജോലി ആരംഭിച്ചിട്ടുണ്ടോ;

(എഫ്) കടിവെള്ളക്ഷാമം രൂക്ഷമാകുന്നത് കണക്കിലെടുത്ത് മേൽപ്പറഞ്ഞ ജോലികളുടെ ടെണ്ടർ നടപടികളും ജോലികളും ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പങ്ങനാശ്ശേരി മുനിസിപ്പൽ പ്രദേശം കറിച്ചി, വാഴപ്പള്ളി, പായിപ്പാട് എന്നീ പഞ്ചായത്തുകൾ എന്നിവിടങ്ങളിലും കൂടാതെ പങ്ങനാശ്ശേരി റെയിൽവേ സ്റ്റേഷന് സമീപം 400 എം.എം. പ്രിമോ പൈപ്പ് മാറ്റിസ്ഥാപിക്കൽ, വാഴപ്പള്ളിയിൽ 700/400 എം.എം. പ്രിമോ മാറ്റി പകരം 700/400 എം.എം. ഡി.ഐ.കെ. 9 പൈപ്പ് സ്ഥാപിക്കൽ, വാഴൂർ റോഡിൽ 700/400 എം.എം. പ്രിമോ മാറ്റി പകരം 700/450 എം.എം. ഡി.ഐ. കെ 9 എന്നീ ജോലികൾക്ക് ടെണ്ടർ വിളിച്ചിട്ടുണ്ട്.

(ബി) പുതുതായി പൈപ്പ് സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടില്ല.

(സി) പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) തൃക്കൊടിത്താനം പഞ്ചായത്തിൽ അമരയിലേക്ക് പൈപ്പ് ഇടുന്ന ജോലിക്ക് വർക്ക് ഓർഡർ നൽകി. പി.ഡബ്ല്യു.ഡി.-യിൽനിന്ന് റോഡ് മുറിക്കുന്നതിന് അനുവാദം ലഭിക്കാത്തതിനാൽ പണി ആരംഭിച്ചിട്ടില്ല.

(ഇ) പൂർത്തീകരിച്ചിട്ടുണ്ട്. വെള്ളം ലഭിക്കാത്തതുകൊണ്ട് പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

(എഫ്) സ്വീകരിക്കുന്നതാണ്. റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് മൂന്ന് ജോലികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

1. റെയിൽവേ സ്റ്റേഷനുസമീപം 400 എം.എം. പ്രിമോ - പൈപ്പ് മാറ്റി സ്ഥാപിക്കൽ

2. വാഴപ്പള്ളിയിൽ 700/400 എം.എം. പ്രിമോ പൈപ്പ് മാറ്റി പകരം 700/450 എം.എം. ഡി.ഐ. കെ. 9 പൈപ്പ് മാറ്റി സ്ഥാപിക്കൽ

3. വാഴൂർ റോഡിൽ 700/400 എം.എം. പ്രിമോ പൈപ്പ് മാറ്റി പകരം 700/450 എം.എം. ഡി.ഐ.കെ. 9 പൈപ്പ് മാറ്റി സ്ഥാപിക്കൽ.

മേൽ സൂചിപ്പിച്ചവയിൽ ഒന്നാമത്തെ ജോലിക്ക് രണ്ടുതവണ ടെണ്ടർ ക്ഷണിച്ചുവെങ്കിലും ആരുംതന്നെ പങ്കെടുത്തില്ല. മൂന്നാം തവണയും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 16-2-2016-ൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ടെണ്ടർ തുറക്കുന്നതാണ്. രണ്ടാമത്തെ പ്രവൃത്തിക്ക് രണ്ടാംതവണ ക്ഷണിച്ച ടെണ്ടർ പരിശോധിച്ചുവരുന്നു. മൂന്നാമത്തെ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചു. 4-2-2016-ൽ തുറന്നു. ലഭിച്ച രണ്ട് ടെണ്ടറുകൾ പരിശോധിച്ചുവരുന്നു. തുക്കൊടിത്താനം പഞ്ചായത്തിലെ അമരയിലേയ്ക്ക് 1500 മീറ്റർ പൈപ്പ് ലൈൻകൂടി സ്ഥാപിക്കാനുണ്ട്. പി.ഡബ്ല്യു.ഡി.-യിൽനിന്നുള്ള അനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി.-യിൽനിന്നും എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് റോഡ് റസ്റ്റോറേഷനുള്ള പണം അടച്ച് പണികൾ പൂർത്തിയാക്കുന്നതാണ്. പായിപ്പാട് പഞ്ചായത്തിൽ അംബേദ്കർ ഗ്രാമത്തിലേയ്ക്ക് പൈപ്പ് ലൈൻ നേരത്തെ സ്ഥാപിച്ചെങ്കിലും റോഡ് പണിമൂലം പൈപ്പ് ലൈനുകൾക്ക് കേടുപാടുകൾ സംഭവിച്ചു. അതിനാൽ ചില ഭാഗങ്ങളിൽ പുതുതായി പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതായി വന്നു. ഇതിനുള്ള കരാർ നൽകിക്കഴിഞ്ഞു. പണികൾ കാലതാമസം കൂടാതെ ആരംഭിക്കുന്നതാണ്.

മീനാട് ശുദ്ധജല വിതരണ പദ്ധതി

189(890) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാട് ശുദ്ധജല വിതരണ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുവാനാണ് വിഭാവനം ചെയ്തിരുന്നത്;

(ബി) ഇതുപ്രകാരം എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നതെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിവച്ച് വിശദവിവരം വെളിപ്പെടുത്താമോ;

(സി) ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ എത്ര പേർക്ക് കുടിവെള്ളത്തിന് കണക്ഷൻ നൽകിയെന്ന് അറിയിക്കുമോ; ശേഷിക്കുന്ന അപേക്ഷകർക്ക് എന്നത്തേയ്ക്ക് കുടിവെള്ളം ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മീനാട് ശുദ്ധജല വിതരണ പദ്ധതിപ്രകാരം 52000 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകാനാണ് വിഭാവന ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly